(ബി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 1997-98 വർഷത്തേക്കുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടുകൾക്ക് പ്രാഥമിക മറുപടിപോലും അയക്കാത്ത എത്ര കേസുകൾ റവന്യൂവകുപ്പിൽ നിലവിലുണ്ട് എന്നു കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്നു വെളിപ്പെടുത്തുമോ;

(ഡി) അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെടുന്ന വിശദീകരണങ്ങൾ നല്കാൻ സമയപരിധി കഴിഞ്ഞും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ വീഴ്ചക്കാരുടെ മേൽ മാതൃകാപരമായി ശിക്ഷാനടപടികൾ സ്വീകരിച്ചു വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുമോ?

റവന്യൂ വകുപ്പ് മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി) ആഡിറ്റ് ഒബ്ജക്ഷനുകൾക്കുള്ള മറുപടി രണ്ടാഴ്ചക്കകവും ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾക്കുള്ള പ്രാഥമിക മറുപടി അവ ലഭിച്ച് നാലാഴ്ചക്കകവും നല്കേണ്ടതാണ്. ഡ്രാഫ്റ്റ് പാരക്കുള്ള മറുപടി മൂന്നു മാസത്തിനകവും സി.ആൻഡ് എ.ജി. യുടെ ആഡിറ്റ് പാരക്കുള്ള അനന്തര നടപടികൾ ആറു മാസത്തിനകവും പൂർത്തീകരിക്കേണ്ടതാണ്.

(സി) അത്തരത്തിലുള്ള കേസുകളൊന്നും റവന്യൂവകുപ്പിൽ ഇപ്പോൾ നിലവിലില്ല.

(ഡി) ഇല്ല.

(ഇ) വീഴ്ചക്കാരുടെ മേൽ മാതൃകാപരമായി ശിക്ഷണനടപടികൾ സ്വീകരിച്ച് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്.

പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ

18 (*577) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ പഞ്ചായത്ത് പ്രസിഡന്റ്മാരുടെ സംഘടനകളേയും കേരള ബിൽഡിംഗ് ഡിസൈനേഴ്സ് അസോസിയേഷനും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്;

(സി) കെട്ടിട നിർമ്മാണത്തിന് അനുമതിയ്ക്കായി അപേക്ഷിക്കുന്നവർ ഡെവലപ്മെന്റ് ഫീസിനത്തിൽ അടക്കേണ്ട തുകയുടെ നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെട്ടിട നിർമ്മാണ അനുമതിക്ക് വേണ്ടി അടക്കേണ്ട തുക എത്രയാണ്;

(ഇ) ഈ ഇനങ്ങളിലുള്ള തുക കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ഇത് സംബന്ധിച്ച് കേരള ബിൽഡിംഗ് ഡിസൈനേഴ്സ് അസോസിയേഷന്റെയും മറ്റ് ചില സംഘടനകളുടെയും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) അധിക ഫീസ് നൽകി കൂടുതൽ എഫ്.എ.ആർ. നൽകുന്നത് കാർ പാർക്കിംഗ് വാണിജ്യകെട്ടിടങ്ങൾ എഫ്(2) കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരുന്നത് വാണിജ്യകെട്ടിടങ്ങൾക്ക് നാല് നിലയിൽ മേൽ ഒരു വശത്ത് 5 മീറ്റർ വേണമെന്ന വ്യവസ്ഥ മറ്റു പൊതുവായ കാര്യങ്ങൾ.

(സി) കെട്ടിട നിർമ്മാണത്തിന് അനുമതി അപേക്ഷിക്കുന്നവർ ഡവലപ്മെന്റ് ഫീസ് നൽകേണ്ടതില്ല.

(ഡി)		മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
1.	ഓല, ഓട് മേഞ്ഞകെട്ടിടം	50 രൂപ ച.മി. ഒന്നിന്	50 രൂപ ച.മി. ഒന്നിന്
2.	ഒരു നില കോൺക്രീറ്റ് കെട്ടിടം 100 ച.മീ വരെ	1 രൂപ ച.മി. ഒന്നിന്	2 രൂപ ച.മി. ഒന്നിന്
3.	100 ച. മീറ്ററുകളിൽ 150ച. മീ വരെ എത്ര നിലയായിരുന്നാലും		
(i)	ബേസ്മെന്റ്/ഫ്രണ്ട് ഫ്ളോർ ഫ്രണ്ട് ഫ്ളോർ	1.50 രൂപ ച.മീ ഒന്നിന്	2.50 രൂപ ച.മീ ഒന്നിന്
(ii)	ഒന്നാം നില	2 രൂപ ച.മീ ഒന്നിന്	2.50 രൂപ ച.മീ ഒന്നിന്
(iii)	രണ്ടാം നിലയിലും അതിനു മുകളിലും	3 രൂപ ച.മീ ഒന്നിന്	4 രൂപ ച.മീ ഒന്നിന്
(4)	150ച.മീ മുകളിൽ എത്ര നില ആയിരുന്നാലും		
(i)	ബേസ്മെന്റ്/ ഗ്രൗണ്ട് ഫ്ളോർ	6 രൂപ ച.മീ. ഒന്നിന്	7 രൂപ ച.മീ. ഒന്നിന്
(ii)	ഒന്നാം നില	8 രൂപ ച.മീ. ഒന്നിന്	10 രൂപ ച.മീ. ഒന്നിന്
(iii)	രണ്ടാം നില	12 രൂപ ച.മീ. ഒന്നിന്	15 രൂപ ച.മീ.ഒന്നിന്
(iv)	മൂന്നാം നില മുതൽ ആറാം നില വരെ	40 രൂപ ച.മീ. ഒന്നിന്	50 രൂപ ച.മീ. ഒന്നിന്
(v)	ആറാം നിലയ്ക്ക് മുകളിൽ	75 രൂപ ച.മീ. ഒന്നിന്	100 രൂപ ച.മീ. ഒന്നിന്

LIBRARY ARCHIVES Kerala Legislative Assembly

(5) കുടിൽ	8 രൂപ ച. മീ. ഒന്നിന്	10 രൂപ ച.മീ. ഒന്നിന്

ഭൂവികസന നികുതി ഈടാക്കുന്നതിനുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് സംവിധാനം

19 (*578) ശ്രീ. എം.എം. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) അത്യാധുനിക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നല്കുന്നതിന് ഇന്നുള്ള സംവിധാനം എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(സി) സാധാരണ ജനങ്ങളെ നേരിട്ട് ബാധിക്കുന്നതും വളരെ പരാതികൾ ഉള്ളതുമായ വാട്ടർ മീറ്ററുകളുടെ പ്രവർത്തന വൈകല്യങ്ങൾ പരിശോധന നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഗുണനിലവാരം കുറഞ്ഞതും തൂക്കത്തിൽ കുറവു വരുത്തിയും സംസ്ഥാനത്തെ മാർക്കറ്റിൽ സ്വർണ്ണാഭരണങ്ങൾ വില്പന നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മാർക്കറ്റിൽ ലഭിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇപ്രകാരം വില്പന നടത്തുന്ന സ്വർണ്ണാഭരണങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി) ലീഗൽ മെട്രോളജി വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നല്കുന്നതിന് എറണാകുളത്തെ ലീഗൽ മെട്രോളജി ഭവനിൽ ഒരു ട്രെയിനിംഗ് സെന്റർ ഉണ്ട്. അവിടെവച്ച് അത്യാധുനിക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുന്നതിനായി പരിശീലനം നല്കി വരുന്നു.

(സി) വാട്ടർ മീറ്ററുകളുടെ പരിശോധന ആരംഭിക്കുന്നതിനായി വകുപ്പ് നടപടി സ്വീകരിച്ചു എങ്കിലും സംസ്ഥാനത്തെ ഏക വാട്ടർ മീറ്റർ നിർമ്മാതാവായ എറണാകുളത്തെ മെ.ആനന്ദ് വാട്ടർ മീറ്റർ കമ്പനി ടി പരിശോധനക്കെതിരെ ബഹു: കേരള ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് കരസ്ഥമാക്കിയിരിക്കയാണ്. ടി. സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്തു കിട്ടുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly